**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2471** — **09.12.2014-ൽ മറുപടിയ്ക്ക്**

**<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനമികവ് വിലയിരുത്താൻ നടപടി</u>**

**ചോദ്യം**

**ശ്രീ.ജോസഫ് വാഴയ്ക്കൻ**
**ശ്രീ.ഷാഫി പറമ്പിൽ**
**ശ്രീ.എ.റ്റി.ജോർജ്**
**ശ്രീ.പി.എ.മാധവൻ**

**(എ)** പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

**(ബി)** ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

**(സി)** ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

**(ഡി)** ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

**<u>(എ) യും(സി) യും(ഡി) യും</u>**

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രപൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MOU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MOU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്.

ഈ സംവിധാനത്തിന്റെ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തിരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**(ബി)** MOU സംവിധാനം നടപ്പിലാക്കുന്നതു വഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ